# കില
## വാർത്താപത്രിക

VOLUME-9
ISSUE-5
MAY 2016

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org





ശ്രീലങ്കൻ തദ്ദേശഭരണവകുപ്പുസെക്രട്ടറി കമൽ പത്മശ്രീയുടെ നേതൃത്വത്തിലുള്ള ഉന്നതതല ഉദ്യോഗസ്ഥസംഘം കില ഡയറക്ടർ ഡോ.പി.പി.ബാലനുമായി ചർച്ച നടത്തുന്നു

# ശ്രീലങ്കയുമായി ധാരണാപത്രം: കിലയിൽ പ്രാരംഭചർച്ചകൾ തുടങ്ങി

**ശ്രീലങ്കയിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കും പരിശീലനം നൽകുക, പ്രാദേശികഭരണം മെച്ചപ്പെടുത്തുന്നതിനുള്ള പഠന റിപ്പോർട്ട് തയ്യാറാക്കുക, പ്രാദേശികഭരണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക തുടങ്ങിയവയാണ് ധാരണാപത്രത്തിലെ ചില നിർദ്ദേശങ്ങൾ.**

**ശ്രീ**ലങ്കയിൽ അധികാരവികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കുന്നതിനു കിലയുമായി ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനുള്ള പ്രാരംഭചർച്ചകൾക്കു തുടക്കമായി.ശ്രീലങ്കൻ തദ്ദേശഭരണവകുപ്പുസെക്രട്ടറി കമൽ പത്മശ്രീയുടെ നേതൃത്വത്തിലുള്ള ഉന്നതതല ഉദ്യോഗസ്ഥസംഘമാണ് കിലയിലെത്തി കില ഡയറക്ടറുമായി പ്രാഥമിക ചർച്ചകൾ നടത്തിയത്. ശ്രീലങ്കയിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കും പരിശീലനം നൽകുക, പ്രാദേശികഭരണം മെച്ചപ്പെടുത്തുന്നതിനുള്ള പഠന റിപ്പോർട്ട് തയ്യാറാക്കുക, പ്രാദേശികഭരണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ തുടങ്ങിയവയാണ് ധാരണാപത്രത്തിലെ ചില നിർദ്ദേശങ്ങളെന്നു കില ഡയറക്ടർ ഡോ.പി.പി.ബാലൻ പറഞ്ഞു. അടുത്ത മാസം ശ്രീലങ്കയിൽ വച്ച് ഇതുമായി ബന്ധപ്പെട്ട രണ്ടാംവട്ട ചർച്ചകൾ നടക്കും. സംസ്ഥാനത്തു പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമായിരിക്കും ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുക.

ശ്രീലങ്കയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ ഗവേണൻസ് ഡയറക്ടർ സുജീവ് സമരവീര ഉൾപ്പെടെയുള്ള സംഘത്തിൽ നാലു സംസ്ഥാനങ്ങളിലെ ചീഫ് സെക്രട്ടറിമാരും എട്ടു കമ്മീഷ്ണർമാരും ആറു അഡീഷ്ണൽ സെക്രട്ടറിമാരും വിവിധ വകുപ്പുതലവന്മാരും ഉൾപ്പെടും. കിലയിൽ ഇവർക്കുവേണ്ടി സംഘടിപ്പിച്ച പരിശീലന പരിപാടി കില ഡയറക്ടർ ഉദ്ഘാടനം ചെയ്തു. ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കും നൽകുന്ന വിവിധ പരിശീലനപരിപാടികളെക്കുറിച്ചും ഗ്രാമസഭയുടെ പ്രവർത്തനങ്ങളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. കേരളത്തിലെ പ്രാദേശികഭരണസംവിധാനത്തെക്കുറിച്ച് രേണുകുമാറും പങ്കാളിത്ത ആസൂത്രണത്തെസംബന്ധിച്ച് കെ.ഗോപാലകൃഷ്ണനും കുടുംബശ്രീയുടെ പ്രവർത്തനങ്ങളെ പറ്റി രാജേശ്വരി എസ്.മേനോനും സംസാരിച്ചു. കോർഡിനേറ്റർ ഭാസ്കരൻ പള്ളിക്കര സ്വാഗതം പറഞ്ഞു. പ്രതിനിധിസംഘം തൃശ്ശൂർ കോർപ്പറേഷനും കോലഴി ഗ്രാമപഞ്ചായത്തും സന്ദർശിച്ചു.

# കെട്ടിടനിർമ്മാണ അപേക്ഷകൾ
## കൈകാര്യം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ



**കെട്ടിടനിർമ്മണ** ചട്ടങ്ങൾ സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നതിനുശേഷം അതു കാര്യക്ഷമമായും ഫലപ്രദമായും നടപ്പാക്കുന്നതിനു മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.എന്നാലും കെട്ടിടനിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും തുടർനടപടികൾ കൈകാര്യം ചെയ്യുന്നതിലും പല തദ്ദേശസ്ഥാപനങ്ങളും വ്യത്യസ്ത രീതികളാണ് അവലംബിച്ചുവരുന്നത്. ഫയലുകളും രജിസ്ററുകളും റിപ്പോർട്ടുകളും ശരിയായി തയ്യാറാക്കുകയോ പരിപാലിക്കുകയോ ചെയ്യുന്നില്ലെന്നും തെറ്റായ നടപടിക്രമങ്ങൾ സ്വീകരിക്കുന്നതായും ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് കെട്ടിടനിർമ്മാണ അപേക്ഷകൾ പരിശോധിക്കുന്നതിൽ കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാക്കുന്നതിനു ചില മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചത്.

- 20.6.2004 ലെ24136/ആർ.എ1/2007 തസ്വഭവ നമ്പർ സർക്കുലറിൽ പരാമർശിച്ചിട്ടുള്ള അപ്പന്റിക്സ് ഒന്നിൽ പറയുന്ന പ്രകാരമുള്ള അപേക്ഷാരജിസ്ററർ കൃത്യമായി എഴുതി സൂക്ഷിക്കണം. അപേക്ഷ സംബന്ധിച്ച മുഴുവൻ വിവരങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി വയ്ക്കണം.
- അപേക്ഷകൾ ഫ്രണ്ട് ഒഫീസിൽ ഫീസുസഹിതം സ്വീകരിച്ച് കറന്റ് നമ്പർ ചേർത്ത് ആ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്ററിൽ രേഖപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
- ഫ്രണ്ട് ഓഫീസിൽനിന്നു നൽകുന്ന കറന്റ് നമ്പർ അടിസ്ഥാനത്തിൽ തന്നെ കെട്ടിടനിർമ്മാണത്തിന്റെ അപേക്ഷാഫയലിനു നമ്പർ നൽകേണ്ടതാണ്. തുടർനടപടികളും ആ നമ്പറിൽ തന്നെയായിരിക്കണം.
- കുറിപ്പുകളും റിപ്പോർട്ടുകളും പ്രത്യേകം എഴുതി പേജ് നമ്പറിട്ട് ആ ഫയലിൽ തന്നെ ടാഗ് ചെയതു സൂക്ഷിക്കണം.
- അപേക്ഷകൾ നിലവിലുള്ള കെട്ടിടനിർമ്മാണചട്ടങ്ങൾക്കു അനുസൃതമായി സൂക്ഷ്മപരിശോധന നടത്തേണ്ടതും എഞ്ചിനിയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവെ നമ്പർ,വിസ്തീർണ്ണം വില്ലേജ് എന്നിവ രേഖപ്പെടുത്തണം. കെട്ടിടത്തിന്റെ കൈവശാവകാശം, ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്,

പാർക്കിംഗ് മുതലായ വിവരങ്ങളും നിർദ്ദിഷ്ടനിർമ്മാണം കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കും അനുബന്ധനിയമങ്ങൾക്കും അനുസരിച്ചാണോ എന്നും റിപ്പോർട്ടിൽ ഉൾപ്പെടുത്തണം.പ്രസ്തുത റിപ്പോർട്ടിൽ സ്ഥലപരിശോധന നടത്തി അളവുകളും അതിരുകളും തിട്ടപ്പെടുത്തുന്നത്, സ്ഥലത്തിന്റെ പേര്, വാർഡ് നമ്പർ, സർവേ നമ്പർ, വിസ്തൃതി, വഴിയുടെ വീതി, സ്ഥലത്തിന്റെ തരം, ചുറ്റുവട്ടത്തെ വികസനം, പെർമിറ്റ് ഫീസ് സംബന്ധിച്ച കണക്കാക്കലുകൾ, പെർമിറ്റ് അനുവദിക്കുന്നതുസംബന്ധിച്ച് കൃത്യമായ ശുപാർശ എന്നിവയും ഉണ്ടായിരിക്കണം. ആവശ്യമെങ്കിൽ പ്രത്യേകമായ ഫോർമാറ്റ് ഉണ്ടാക്കി സൂക്ഷിക്കാവുന്നതാണ്.

- സെക്ഷൻ ക്ലാർക്കിന്റെ നോട്ടിൽ ഉടമസ്ഥതയ്ക്കാധാരമായ രേഖകളുടെ പരിശോധനാറിപ്പോർട്ട് തുടങ്ങി ആവശ്യമായ എല്ലാ റിപ്പോർട്ടുകളും രേഖപ്പെടുത്തേണ്ടതാണ്.
- കുറിപ്പുകളും നോട്ടുകളും രേഖപ്പെടുത്തുന്നവരുടെ പേരും പദവിയും ഫോൺ നമ്പറും രേഖപ്പെടുത്തണം.
- അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ സാങ്കതികമായി താമസമുണ്ടായാൽ ആ കാര്യങ്ങൾ ഫയലിൽ രേഖപ്പടുത്തണം.
- കെട്ടിടനിർമ്മാണ അപേക്ഷ കൈകാര്യം ചെയ്യുന്ന ഫയലുകൾ പരിശോധനയ്ക്കു ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു കൈമാറുമ്പോൾ അതു സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തണം.
- 22.8.2014 ലെ 46871/ആർ.എ.1/2014/തസ്വഭവ.നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം പെർമിറ്റ് അനുവദിക്കുന്നതിനുമുമ്പ് മുൻകൂർ അനുമതി ആവശ്യമായ സംഗതികളിൽ ആ അനുമതികൾ ലഭ്യമയിട്ടുണ്ടെന്നു ഉറപ്പാക്കേണ്ടതുമാണ്. പ്രസ്തുത അനുമതികളുടെ നമ്പറും തീയതിയും പെർമിറ്റിലും പ്ലാനിലും രേഖപ്പെടുത്തി നൽകണം.
- മതിയായ പെർമിറ്റ് ഫീസ് അടയ്ക്കുന്ന മുറയ്ക്കു അതിന്റെ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തി, പരിശോധന നടത്തി കരടു പെർമിററ് തയ്യാറാക്കി ഫയലിൽ വിവരം രേഖപ്പെടുത്തി അധികാരിക്കു സമർപ്പിക്കണം.
- കെട്ടിടനിർമ്മാണ ചട്ടങ്ങൾ കർശനമായി പാലിച്ചുകൊണ്ടുമാത്രമേ നിർമ്മാണ അനുമതി നൽകാവൂ. അനുമതിപത്രത്തിന്റെയും പ്ലാനുകളുടേയും പകർപ്പുകൾ ഫയലിൽ സൂക്ഷിക്കണം.
- പെർമിറ്റ് അനുവദിച്ചശേഷം അനുവദിക്കപ്പെട്ട പെർമിറ്റിലെ അംഗീകൃതപ്ലാനിലെ നിർമ്മാണസ്ഥലം, സ്ഥലവിസ്തീർണ്ണം, കെട്ടിടത്തിന്റെ വിസ്തീർണ്ണം, ഉയരം, ഉപയോഗം,സ്ഥാനം, നിലകളുടെ എണ്ണം, ഉയരം, ലേ ഔട്ട് എന്നിവയിൽ വ്യത്യാസം വരുത്തിയാൽ പുതിയ പെർമിറ്റാണ് പിന്നെ നൽകേണ്ടത്.
- കംപ്ലീഷൻ പ്ലാനുകളും കംപ്ലീഷൻ സർട്ടിഫിക്കറ്റുകളും ലഭിക്കുന്ന മുറയ്ക്കു നിർമ്മാണം പരിശോധിച്ച് ഉറപ്പുവരുത്തി ഒക്യുപെൻസി സാക്ഷ്യപത്രം നൽകാം.
- എല്ലാമാസവും നിശ്ചിത ദിവസം സെക്രട്ടറിയോ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ രജിസ്ററർ പരിശോധിക്കേണ്ടതും വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തുന്നുണ്ടെന്നും രജിസ്ററിൽ ക്രമ നമ്പർ പ്രകാരമാണ് അപേക്ഷയിൽ നടപടികൾ സ്വീകരിക്കുന്നതെന്നും ഉറപ്പുവരുത്തേണ്ടതാണ്.

തദ്ദേശസ്വയംഭരണ (ആർഎ) വകുപ്പുസെക്രട്ടറി ഇക്കാര്യങ്ങൾ വിശദമാക്കിക്കൊണ്ട് 2.12.2015-നു12900/ആർ.എ.1/2015/ തസ്വഭവ നമ്പർ ആയി പുറത്തിറക്കിയ സർക്കുലർ ഇക്കാര്യങ്ങളെല്ലാം വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. സെക്രട്ടറിമാരും ഫയലുകൾ കൈകാര്യം ചെയ്യുന്നവരും ഇവ ശ്രദ്ധിക്കേണ്ടതാണ്.



കിലയിൽ സംഘടിപ്പിച്ച ഇതര സംസ്ഥാന തൊഴിലാളികളുടെ പ്രഥമ ഗ്രാമസഭായോഗത്തിൽ മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് **ബിന്ദു ബെന്നി** സംസാരിക്കുന്നു

# ഇതരസംസ്ഥാനതൊഴിലാളികളുടെ ഗ്രാമസഭ യാഥാർത്ഥ്യമാകുന്നു; ആദ്യഗ്രാമസഭ മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്തിൽ

**സം**സ്ഥാനത്തു വിവിധ കേന്ദ്രങ്ങളിൽ കഴിയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ഗ്രാമസഭ യാഥാർത്ഥ്യമാകുന്നു. മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പെട്ട ഇതരസംസ്ഥാന തൊഴിലാളികളാണ് കിലയിൽ സംഘടിപ്പിച്ച പ്രഥമ ഗ്രാമസഭയിൽ പങ്കെടുത്തത്.ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ബെന്നി അദ്ധ്യക്ഷയായിരുന്നു.വൈസ് പ്രസിഡന്റ് കെ.എച്ച്.സുഭാഷ് സ്വാഗതമാശംസിച്ചു. ഗ്രാമസഭയുടെ ലക്ഷ്യങ്ങളെക്കുറിച്ച് കോഴ്സ് ഡയറക്ടർ ഡോ.പീററർ എം.രാജ് വിശദീകരിച്ചു.കോർഡിനേറ്റർ പി.വി.രാമകൃഷ്ണൻ സംസാരിച്ചു. കില എക്സ്റ്റഷൻ ഫാക്കൽറ്റികളായ പ്രൊഫ.ടി.രാഘവൻ, ഡോ.സജീവ്, ഡോ. ജോസ് ചാത്തക്കുളം, പ്രൊഫ.കെ.ജെ.കുര്യൻ, മായാ ശശിധരൻ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.ബീഹാർ, ഒഡീഷ, ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽനിന്നുള്ള തൊഴിലാളികളാണ് ഗ്രാമസഭയിൽ പങ്കെടുത്തത്. തുടർന്ന് മൂന്നു ഗ്രൂപ്പുകളായി തിരിഞ്ഞ് ഗ്രൂപ്പുചർച്ചകളായിരുന്നു. താമസസ്ഥലത്തെ സൗകര്യങ്ങൾ, കുടിവെള്ളത്തിന്റെ ലഭ്യത, ടോയ്‌ലറ്റ് സൗകര്യങ്ങൾ,അവരുടെ വേതനം, ആരോഗ്യ-അപകട ഇൻഷ്വറൻസ്, കുട്ടികളുടെ വിദ്യാഭ്യാസം, കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ചായിരുന്നു ഗ്രൂപ്പുചർച്ച.

തൊഴിൽരംഗത്തും ആരോഗ്യശുചിത്വമേഖലയിലും ഇതര സംസ്ഥാനതൊഴിലാളികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ തിരിച്ചറിയാനും അതിനു ശാശ്വത പരിഹാരം കാണാനും ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് ഈ ഗ്രാമസഭയെന്നു കില ഡയറക്ടർ ഡോ.പി.പി.ബാലൻ അറിയിച്ചു.

ഇവർ ഏർപ്പെട്ടിരിക്കുന്ന തൊഴിൽമേഖലകൾ, ഇവരെ വിന്യസിക്കുന്ന കരാറുകാർ, തൊഴിലുടമകൾ എന്നിവയെ സംബന്ധിച്ചും ഇവരുടെ താമസസ്ഥലം, കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യപ്രശ്നങ്ങൾക്കു പഞ്ചായത്തിന്റെ സഹായം ലഭ്യമാക്കൽ, ഇവരിലൂടെ എത്തിച്ചേരാനിടയുള്ള പകർച്ചവ്യാധികൾ കണ്ടെത്തി അതിനു പരിഹാരനടപടികൾ സ്വീകരിക്കൽ, ഇവരുടെ നിയമവിരുദ്ധപ്രവർത്തനങ്ങൾ തടയാൻ ബോധവൽക്കരണം എന്നിവയൊക്കെ ഈ ഗ്രാമസഭയുടെ പരിധിയിൽ വരുന്നു.

ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇതരസംസ്ഥാനതൊഴിലാളികൾ താമസിക്കുന്ന വാർഡുകളെ കേന്ദ്രീകരിച്ചാണ് ഗ്രാമസഭ ചേരുക. ഭരണസമിതി ഭാരവാഹികളും വാർഡ് മെമ്പറും വിവിധ വകുപ്പുദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്ത് അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കും. ഇവരെക്കുറിച്ചുള്ള സ്ഥിതിവിവരങ്ങൾ ശേഖരിക്കാൻ ആദ്യം സർവേ നടത്തും. ഗ്രാമസഭ യോഗത്തിനുശേഷം ഇവരുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനുള്ള കർമ്മപരിപാടി തയ്യാറാക്കും. വാർഡ് വികസനസമിതിയുടേയും അയൽസഭയുടേയും സഹായത്തോടെ തയ്യാറാക്കുന്ന കമ്മ്യൂണിറ്റിപ്ലാനിൽ ഇതരസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പ്രോജക്ടുകൾ തയ്യാറാക്കുന്നതാണ്.

ഇത്തരത്തിലുള്ള മാതൃകാഗ്രാമസഭ ചേരുന്നതിനുള്ള നടപടികൾക്കു തുടക്കം കുറിച്ച് കിലയിൽ ചേർന്ന ആദ്യത്തെ കൂടിയാലോചനായോഗത്തിലും മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്,വൈസ് പ്രസിഡന്റ് , പഞ്ചായത്തു സെക്രട്ടറി തുടങ്ങിയവർ സംബന്ധിച്ചിരുന്നു.

# മുതിർന്നവർക്കു പ്രത്യേക അയൽക്കൂട്ടങ്ങളുമായി കുടുംബശ്രീ

**മു**തിർന്ന പൗരന്മാർക്കു പ്രത്യേക അയൽക്കൂട്ടങ്ങൾ സംഘടിപ്പിക്കാൻ കുടുംബശ്രീ തയ്യാറെടുക്കുന്നു.വയോജനങ്ങൾക്കായി ഫിസിയോതെറാപ്പിയും കൗൺസിലിംഗും മെഡിക്കൽ ക്യാമ്പുകളും പദ്ധതിയുടെ ഭാഗമായി നടത്തുന്നതാണ്.അയൽക്കൂട്ടങ്ങളിൽ 60 കഴിഞ്ഞവർക്കാണ് അംഗത്വം നൽകുക.

സ്ത്രീകൾക്കു പ്രത്യേകമായും സ്ത്രീകൾക്കും പുരുഷന്മാർക്കും പൊതുവെയുള്ള അയൽക്കൂട്ടങ്ങളുമാണ് രൂപീകരിക്കുക.എഡിഎസുകളുടെ ഘടനയും ഇങ്ങനെ തന്നെയായിരിക്കും. എന്നാൽ ഇവയുടെ സിഡിഎസുകൾ പൊതുവായിരിക്കും. രണ്ടാഴ്ചയിലൊരിക്കലാണ് മെഡിക്കൾ ക്യാമ്പുകൾ സംഘടിപ്പിക്കുക.ആഴ്ചയിൽ രണ്ടുദിവസം ഫിസിയോതെറാപ്പിയും കൗൺസിലിംഗ് ക്യാമ്പും ഉണ്ടാകും. ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങാൻ അയൽക്കൂട്ടങ്ങൾക്കു സാമ്പത്തികസഹായവും ലഭിക്കും. സി.ഡി.എസിന്റെ റിവോൾവിംഗ് ഫണ്ടിൽനിന്ന് 15,000/- രൂപയും സാമൂഹിക നിക്ഷേപ നിധിയിൽനിന്ന് 5,000/- രൂപവരെയും ഒരു അയൽക്കൂട്ടത്തിനു വായ്പയായി കിട്ടും.

വയോജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കാൻ പ്രത്യേക ഉപജീവനഗ്രൂപ്പ് രൂപീകരിച്ച് തൊഴിൽപരിശീലനവും തൊഴിൽ തുടങ്ങാനുള്ള വായ്പയും ലഭ്യമാക്കും. ഒരു സി.ഡി.എസിൽ പരമാവധി ഇരുപതു ഗ്രൂപ്പുകൾക്കാണ് 15,000/- രൂപ വീതം വായ്പ ലഭിക്കുക. വയോജനങ്ങളുടെ അവകാശസംരക്ഷണത്തിനു ജാഗ്രതാസമിതികൾക്കും രൂപം നൽകും.




പ്രാദേശിക ഭരണനിർവഹണത്തെക്കുറിച്ചും വികേന്ദ്രീകൃതാസൂത്രണത്തെക്കുറിച്ചും കൊടകര സൗഹൃദ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി കോളജിലെ അധ്യാപകർക്കു കിലയിൽ സംഘടിപ്പിച്ച ഏകദിന ഓറിയന്റേഷൻ ക്ലാസ് കില ഡയറക്ടർ **ഡോ.പി.പി.ബാലൻ** ഉദ്ഘാടനം ചെയ്യുന്നു

# കോളജ് അധ്യാപകർക്കു കിലയിൽ ഓറിയന്റേഷൻ ക്ലാസ്സ്

പ്രാദേശിക ഭരണനിർവഹണത്തെക്കുറിച്ചും വികേന്ദ്രീകൃതാസൂത്രണത്തെക്കുറിച്ചും കൊടകര സൗഹൃദ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി കോളജിലെ അധ്യാപകർക്കു കിലയിൽ ഏകദിന ഓറിയന്റേഷൻ ക്ലാസ്സ് സംഘടിപ്പിച്ചു.കില ഡയറക്ടർ ഡോ.പി.പി.ബാലൻ ഉദ്ഘാടനം ചെയ്തു. കില അസോസിയേറ്റ് പ്രൊഫ.ഡോ.പീറ്റർ എം.രാജ് അദ്ധ്യക്ഷനായിരുന്നു.കോളജ് പ്രിൻസിപ്പൽ സുധാജോർജ്, ഡയറക്ടർ പി.പി.ജോസഫ്,അസോ.എക്സിക്യൂട്ടീവ് ഡയറക്ടര് ഫാ.ജോജി എന്നിവർ സംസാരിച്ചു. വിവിധ വകുപ്പുമേധാവികൾ ഉൾപ്പെടെ 105 അധ്യാപകർ പങ്കെടുത്തു. കില എക്സ്റ്റഷൻ ഫാക്കൽറ്റികളായ പി.വി.രാമകൃഷ്ണൻ, പി.കെ ജയദേവേൻ,കോഴ്സ് ഡയറക്ടർ ഡോ. പീറ്റർ എം.രാജ് എന്നിവർ ക്ലാസ്സെടുത്തു.



കിലയിൽ സംഘടിപ്പിച്ച ഏകദിന ഓറിയന്റേഷൻ ക്ലാസിൽ പങ്കെടുത്ത കൊടകര സൗഹൃദ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി കോളജിലെ അധ്യാപകർ

## പഞ്ചായത്തീരാജ് സംവിധാനം: കേരളത്തിനു വീണ്ടും ദേശീയ പുരസ്കാരം

പഞ്ചായത്തീരാജ് സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കിയ ഏറ്റവും മികച്ച സംസ്ഥാനത്തിനുള്ള ദേശീയ ബഹുമതിക്കു കേരളം വീണ്ടും അർഹമായി.തുടർച്ചയായി രണ്ടാംതവണയാണു കേരളത്തിനു ഒന്നാം സ്ഥാനം ലഭിക്കുന്നത്.സിക്കിം, കർണാടക,മഹാരാഷ്ട്ര, ബംഗാൾ എന്നീ സംസ്ഥാനങ്ങൾക്കാണു യഥാക്രമം രണ്ടുമുതൽ അഞ്ചുവരെയുള്ള സ്ഥാനങ്ങൾ.2014–15 കാലഘട്ടത്തിലെ പ്രവർത്തനം കണക്കിലെടുത്താണ് പുരസ്കാരം.ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസാണ് പഠനം നടത്തി വിജയികളായ സംസ്ഥാനങ്ങളെ തെരഞ്ഞെടുത്തത്.

എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിനെ രാഷ്ട്രീയ ഗൗരവ് ഗ്രാമസഭാപുരസ്കാരത്തിനായി ശുപാർശ ചെയ്തു.മൊത്തം 16 പഞ്ചായത്തുകളെയാണ് ഈ ബഹുമതിക്കായി ശുപാർശ ചെയ്തിട്ടുള്ളത്.ദേശീയ പഞ്ചായത്ത് ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്തു. അധികാരവികേന്ദ്രീകരണ സൂചികയിൽ കേരളം ഉന്നത സ്ഥാനത്താണെന്നു കേന്ദ്ര അവലോകനം വിലയിരുത്തിയിട്ടുണ്ട്.

കേരളത്തിലെ മികച്ച ജില്ലാപഞ്ചായത്തിനുള്ള ദേശീയപുരസ്കാരത്തിനു കൊല്ലം ജില്ലാപഞ്ചായത്തിനെ കേന്ദ്രപഞ്ചായത്തീരാജ് മന്ത്രാലയം തെരഞ്ഞെടുത്തു. 30 ലക്ഷം രൂപയാണ് അവാർഡുതുക.20 ലക്ഷം രൂപ പുരസ്കാരതുകയുള്ള മികച്ച ബ്ലോക്ക് പഞ്ചായത്തുകളായി കൊട്ടാരക്കരയും വേങ്ങരയും തെരഞ്ഞെടുത്തു. കുലശേഖരപുരം,അങ്ങാടിപ്പുറം, പുലാമന്തോൾ ഗ്രാമപഞ്ചായത്തുകളും ദേശീയ അംഗീകാരത്തിനു(15 ലക്ഷം) അർഹമായി.




പെസ കേരളത്തിൽ എന്ന വിഷയത്തെ ആസ്പദമാക്കി കിലയിൽ സംഘടിപ്പിച്ച
ദ്വിദിന ദേശീയ സെമിനാർ **ഡോ.പി.വി.രാജഗോപാൽ** ഉദ്ഘാടനം ചെയ്യുന്നു

# പെസ കേരളത്തിൽ : കിലയിൽ ദ്വിദിന ദേശീയ സെമിനാർ

**ആ**ദിവാസി ഊരുകൾക്കു സ്വയംഭരണാവകാശം നൽകുന്ന പെസ(പഞ്ചായത്ത് എക്സ്റ്റെൻഷൻ ടു ഷെഡ്യൂൾഡ് ഏരിയ)യുമായി ബന്ധപ്പെട്ട രണ്ടുദിവസത്തെ ദേശീയ സെമിനാർ കിലയിൽ സംഘടിപ്പിച്ചു. പെസ നടപ്പിലാക്കിയ സംസ്ഥാനങ്ങളിലെ വിദഗ്ദ്ധരും പ്രവർത്തകരും പങ്കെടുത്ത സെമിനാർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കാനും ഭാവി നടപടികൾക്കു രൂപം നൽകാനും അവസരമൊരുക്കി.കേരളത്തിൽ പെസ നടപ്പാക്കാൻ സംസ്ഥാ സർക്കാർ തീരുമാനിച്ച സാഹചര്യത്തിൽ സെമിനാറിനു പ്രത്യേക പ്രാധാന്യമുണ്ടായിരുന്നു.പ്രമുഖ ഗാന്ധിയനും എക്താ പരിഷത്ത് സ്ഥാപകനുമായ ഡോ.പി.വി.രാജഗോപാലാണ് സെമിനാർ ഉദ്ഘാടനം ചെയ്തത്. സമഗ്രഭൂനിയമം നടപ്പാക്കിയെന്നവകാശപ്പെടുന്ന കേരളത്തിൽ ഭൂമിക്കുവേണ്ടി ആദിവാസികൾ എന്തുകൊണ്ട് സമരത്തിനിറങ്ങുന്നുവെന്ന് അധികാരികൾ ചിന്തിക്കേണ്ടതുണ്ടെന്നു ഉദ്ഘാടനപ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. പെസ കേരളത്തിൽ എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു സെമിനാർ.

കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷത വഹിച്ചു. കേന്ദ്ര പഞ്ചായത്ത് രാജ് സെക്രട്ടറി എസ്.എം. വിജയാനന്ദ് മുഖ്യപ്രഭാഷണം നടത്തി. വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉഷാകുമാരി, പാലക്കാട് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ.എസ്.ശാന്തകുമാരി, കില അസി.പ്രൊഫ.ഡോ.ജെ.ബി.രാജൻ, ഡോ.പീറ്റർ എം.രാജ് എന്നിവർ സംസാരിച്ചു.രണ്ടു ദിവസങ്ങളിലായി നടന്ന വിവിധ സെഷനുകൾക്കു ഡോ.പി.പി.ബാലൻ, ഡോ.എ ബി.ജോർജ്, ഡോ.സി.ആർ ബിജോയ്,ഡോ.അമിതാബ് ബച്ചൻ,ഡോ.പുഴകേന്തി എന്നിവർ നേതൃത്വം നൽകി. ആദിവാസി ഗോത്രസഭാ നേതാവ് എം.ഗീതാനന്ദൻ, വി.കെ. മോഹൻകുമാർ തുടങ്ങിയ പ്രമുഖർ കേരളത്തിൽനിന്നു പങ്കെടുത്ത പ്രതിനിധികളിലുൾപ്പെടുന്നു.വിവിധ കലാപരിപാടുകളുമുണ്ടായിരുന്നു.

മധ്യപ്രദേശ്, ഒഡീഷ, ചത്തീസ്ഗഡ്, മഹാരാഷ്ട്ര, ഗുജറാത്ത്, രാജസ്ഥാൻ, ബീഹാർ, ആന്ധ്രാപ്രദേശ്, ഹിമാചൽപ്രദേശ് എന്നീ സംസ്ഥാനങ്ങളിലാണ് ഇതിനകം പെസ നടപ്പിലാക്കിയിട്ടുള്ളത്. വയനാട്, പാലക്കാട്, ഇടുക്കി, കണ്ണൂർ, മലപ്പുറം, ജില്ലകളിൽ വ്യാപിച്ചുകിടക്കുന്ന 31 ഗ്രാമപഞ്ചായത്തുകളും മൂന്നു നഗരസഭകളും ഷെഡ്യൂൾഡ് ഏരിയായിൽ ഉൾപ്പെടുത്തി പെസ ബാധകമാക്കണമെന്ന നിർദ്ദേശമാണ് മുന്നോട്ടുവച്ചിട്ടുള്ളത്.ഷെഡ്യൂൾഡ് ഏരിയ പ്രഖ്യാപിച്ചാൽ മാത്രമേ നിയമം നടപ്പാക്കാനാകൂ.



പെസ കേരളത്തിൽ എന്ന വിഷയത്തെ ആസ്പദമാക്കി കിലയിൽ സംഘടിപ്പിച്ച ദ്വിദിന ദേശീയ സെമിനാറിൽ
കേന്ദ്രപഞ്ചയാത്ത്രാജ് സെക്രട്ടി **എസ്.എം.വിജയാനന്ദ്** മുഖ്യപ്രഭാഷണം നടത്തുന്നു

# ചോദിക്കൂ പറയാം

? ഗ്രാമപഞ്ചായത്തിലെ ഉദ്ഘാടനച്ചടങ്ങുകൾ, കലാസാംസ്കാരിക പരിപാടികൾ എന്നിവയ്ക്കു ചെലവഴിക്കാവുന്ന തുകയ്ക്കു പരിധി നിശ്ചയിച്ചിട്ടുണ്ടോ?

● ഗ്രാമപഞ്ചായത്തുകൾ കലാസാംസ്കാരിക മത്സരങ്ങൾ, കായികവിനോദങ്ങൾ,ഉദ്ഘാടനച്ചടങ്ങുകൾ എന്നിവയ്ക്കു വേണ്ടിവരുന്ന അസാധാരണ ചെലവുകൾ തനതു വരുമാനത്തിന്മേലുള്ള മിച്ചഫണ്ടിന്റെ ഇരുപതുശതമാനം വരെയും എന്നാൽ ഒരു ലക്ഷം രൂപയിൽ കവിയാതെയും വഹിക്കുന്നതിനു വാർഷികപരിധി നിശ്ചയിച്ച് ഉത്തരവു നൽകിയിട്ടുണ്ടായിരുന്നു.(സ.ഉ.(എം.എസ്) 58/2006 തസ്വഭവ തീയതി.16.2.2006) എന്നാൽ ചില ഗ്രാമപഞ്ചായത്തുകൾ പരിധിയിൽ അധികരിച്ച് തുക ചെലവഴിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.ആയതിനാൽ ഈ പരിധിയിൽ അധികമായി ചെലവഴിച്ചാൽ പ്രസ്തുത തുക ബന്ധപ്പെട്ടവരുടെ ബാദ്ധ്യതയായി കണക്കാക്കുമെന്നു നിർദ്ദേശിച്ചിട്ടുണ്ട്.(സർക്കുലർ നമ്പർ 451/എഫ്.എം.2/2015/തസ്വഭവ.തീയതി.17.2.2015)

? ആശാവർക്കർ, സാക്ഷരതാപ്രേരക് എന്നിവർ പഞ്ചായത്തംഗമായി തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ അവർക്കു ഹോണറേറിയവും സിറ്റിംഗ് ഫീസും നൽകാമോ?

● പഞ്ചായത്ത് മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടാൽ അവർക്കു അർഹമായ ഹോണറേറിയവും സിറ്റിംഗ് ഫീസും നൽകാം. മെമ്പറായി തെരഞ്ഞെടുക്കപ്പെടാൻ അർഹത നൽകിയപ്പോൾ മെമ്പർക്കുള്ള എല്ലാ അവകാശങ്ങളും അവർക്കു നൽകാൻ അർഹതയുണ്ട്.

? വിധവാപെൻഷനു അപേക്ഷ സമർപ്പിക്കുമ്പോൾ വില്ലേജാഫീസിൽനിന്നു വരുമാനസാക്ഷ്യപത്രം വാങ്ങണമെന്നു പറയുന്നു.അതു ശരിയാണോ?

● ശരിയാണ്. വിധവാപെൻഷൻ അപേക്ഷയോടോപ്പം വരുമാനസാക്ഷ്യപത്രം ആവശ്യമാണ്. (സ.ഉ.(എം.എസ്) 08/2015 സ.നീ.വ. തീയതി 12.2.2015)

? മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിപോലെ പഞ്ചായത്ത് പ്രസിഡന്റിനു ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാമോ?

● രൂപീകരിക്കാം. പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസനിധി രൂപീകരിക്കുകയും പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് എക്കൗണ്ട് തുടങ്ങി തുക നിക്ഷേപിക്കുകയും ചെയ്യാം. ഈ നിധിയിലേക്കു വരുന്ന തുകയും അർഹരായവർക്കു ധനസഹായം നൽകുന്നതിനും പ്രത്യേകം രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുമാണ്.(2003 ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും-ചട്ടങ്ങൾ കാണുക)

? വിട്ടുകിട്ടിയ സ്ഥാപനത്തിലെ ഒരു ഉദ്യോഗസ്ഥനോടു പഞ്ചായത്തിന്റെ ഏതെങ്കിലും യോഗത്തിൽ ഹാജരാകാൻ ആവശ്യപ്പെട്ടാൽ അപ്രകാരം ഹാജരാകണമെന്നുണ്ടോ?

● ഹാജരാകണം.പഞ്ചായത്തിനു ഭരണനിർവഹണവുമായി ബന്ധപ്പെട്ട ഏതൊരു കാര്യത്തിനും യോഗത്തിലോ കൂടിക്കാഴ്ചക്കോ ഹാജരാകുവാൻ ഒരു ഉദ്യോഗസ്ഥനോട് തെരഞ്ഞെടുക്കപ്പെട്ട അധികാരി ആവശ്യപ്പെട്ടാൽ ആ ഉദ്യോഗസ്ഥൻ ഹാജരാകാൻ ബാദ്ധ്യസ്ഥനാണ്. (2007 ലെ കേരള പഞ്ചായത്ത് രാജ് തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥരും തമ്മിലുള്ള തൊഴിൽപരമായ ബന്ധവും പെരുമാറ്റവും ചട്ടങ്ങൾ-വകുപ്പ് 5)

? പഞ്ചായത്തിന്റെ യോഗത്തിലേക്കു വില്ലേജ് ഓഫീസറെ വിളിക്കാൻ പഞ്ചായത്തിനു അധികാരമുണ്ടോ?

● പഞ്ചായത്ത് പ്രസിഡന്റ് രേഖാമൂലം ആവശ്യപ്പെടുകയാണെങ്കിൽ പഞ്ചായത്തു പ്രദേശത്തുള്ള വില്ലേജ് ഓഫീസർ പഞ്ചായത്തിന്റെ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ആവശ്യപ്പെടുന്നതു ബന്ധപ്പെട്ട തഹസിൽദാർ മുഖേനയായിരിക്കണം.(1996 ലെ കേരള പഞ്ചായത്ത് രാജ് (വില്ലേജ് ഓഫീസർമാർ നിർവഹിക്കേണ്ട കർത്തവ്യങ്ങൾ ചട്ടങ്ങൾ-വകുപ്പ്-6)

? പഞ്ചായത്തിന്റെ അധീനതയിലുണ്ടായിരുന്ന ഭൂമി ഒരു സ്വകാര്യവ്യക്തി കയ്യേറിയിരിക്കുന്നു. ഇതു ഒഴിപ്പിച്ചെടുക്കാൻ എന്തുനടപടിയാണ് സ്വീകരിക്കേണ്ടത്?

● പഞ്ചായത്തിന്റെ അനുവാദം കൂടാതെ ഒരാളും പഞ്ചായത്തിന്റെ അധീനതയിലുള്ള ഒരു വസ്തുവും കൈവശം വയ്ക്കാൻ പാടില്ല.പഞ്ചായത്തിന്റെ വകയോ പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതോ ഏതൊരു വസ്തുവും ആരെങ്കിലും അനധികൃതമായി കൈയേറുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതു ഒഴിപ്പിച്ചെടുക്കാനുള്ള ആധികാരം പഞ്ചായത്തിനുണ്ട്.പഞ്ചായത്ത് വകയോ പഞ്ചായത്തിൽ നിക്ഷിപ്തമായതോ ആയ വസ്തു ഒഴിപ്പിക്കുന്നതിനുമുമ്പായി പഞ്ചായത്ത് അയാൾക്കു 15 ദിവസത്തെ നോട്ടീസ് നൽകേണ്ടതാണ്.അനധികൃതമായി കൈവശം വച്ചിരിക്കുന്ന വസ്തുവിന്റെ സംക്ഷിപ്ത വിവരണവും ഒഴിപ്പിക്കാനുള്ള കാരണവും ഈ നോട്ടീസിൽ വ്യക്തമാക്കിയിരിക്കണം.ഈ നോട്ടീസിൽ എന്തെങ്കിലും ആക്ഷേപം കിട്ടുകയാണെങ്കിൽ പഞ്ചായത്ത് അതു പരിശോധിക്കേണ്ടതാണ്. ആക്ഷേപം തൃപ്തികരമല്ലെന്നോ അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നിയമപരമായി നിലനിൽക്കുന്നതല്ലെന്നോ പഞ്ചായത്തിനു തോന്നുകയാണെങ്കിൽ കൈവശക്കാരനു രണ്ടാമതു മറ്റൊരു നോട്ടീസ്കൂടി നൽകേണ്ടതും ആ നോട്ടീസ് കൈപ്പറ്റി ഒരാഴ്ചക്കകം കൈയേറ്റം ഒഴിഞ്ഞുതരാൻ ആവശ്യപ്പെടേണ്ടതുമാണ്. ഈ നോട്ടീസ് കിട്ടിയിട്ടും ഒഴിയാതിരിക്കുകയാണെങ്കിൽ പഞ്ചായത്ത് നേരിട്ടു അയാളെ ഒഴിപ്പിച്ചു വസ്തു വീണ്ടെടുക്കേണ്ടതാണ്. ഇക്കാര്യത്തിൽ പഞ്ചായത്തിനു പോലീസ് സഹായം തേടാവുന്നതാണ്.ഇപ്രകാരം ഒഴിപ്പിക്കലിനു വിധേയനാകുന്ന വ്യക്തിയിൽനിന്നു അതിനുവേണ്ടിവരുന്ന ചെലവും ആയിരം രൂപയിൽ അധികരിക്കാത്ത തുക പിഴയായും ഈടാക്കാവുന്നതാണ്.(കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിനു പിഴ ചുമത്തലും ഈടാക്കലും)ചട്ടങ്ങൾ 1996 വകുപ്പ് 4,5)

? പദ്ധതി രൂപീകരണവും നിർവഹണവും സംബന്ധിച്ച് ഘടകസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കു ധാരാളം യാത്ര ചെയ്യേണ്ടിവരുന്നു. ഇതിനുള്ള യാത്രാപ്പടിക്കു അർഹതയുണ്ടോ?

● പദ്ധതിരൂപീകരണം, നിർവഹണം എന്നിവ സംബന്ധിച്ച് ഔദ്യോഗിക യാത്രയ്ക്കു അർഹമായ യാത്രാപ്പടി പഞ്ചായത്തിൽനിന്നു നൽകുവാൻ അനുവാദമുണ്ട്.(സ.ഉ.(ആർ.ടി)969/2014 തസ്വഭവ. തീയതി.3.4.2014)

? പഞ്ചായത്ത് പ്രസിഡന്റുമാരുടെ മൊബൈൽ ഫോണിന്റെ തുക പഞ്ചായത്തിൽനിന്നു അടയ്ക്കുവാൻ വ്യവസ്ഥയുണ്ടോ?

● പഞ്ചായത്തിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കു ഉപയോഗിക്കുന്ന മൊബൈൽ ഫോണിന്റെ ബിൽതുക പ്രതിമാസം 500/ രൂപയിൽ കവിയരുത് എന്ന വ്യവസ്ഥയിൽ പഞ്ചായത്തിന്റെ ഫണ്ടിൽനിന്നു ചെലവഴിക്കാൻ അനുവാദമുണ്ട്.(സ.ഉ. (കൈ)നമ്പർ 201/2006/തസ്വഭവ.തീയതി 19.8.2006)

## ചോദ്യങ്ങൾക്ക് മറുപടി

**പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ്ഡെസ്ക്. ഫോൺ നമ്പർ-0487 2204097**



വ്യവഹാരരഹിത പഞ്ചായത്തുകൾ സംസ്ഥാനത്തു വ്യാപകമാക്കുന്നതുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ഏകദിന സെമിനാറിൽനിന്ന്







# വ്യവഹാരരഹിത പഞ്ചായത്തുകൾ
## വ്യാപകമാക്കാൻ കില മുൻകൈ എടുക്കുന്നു

**വ്യ**വഹാരരഹിത പഞ്ചായത്തുകൾ സംസ്ഥാനത്തു വ്യാപകമാക്കാൻ കില മുൻകൈ എടുക്കുന്നു.മലപ്പുറം ജില്ലയിലെ കാവന്നൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന മാതൃകയാണ് ഇതിനായി കില തെരഞ്ഞെടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെയും റവന്യുവകുപ്പിന്റെയും ജനകീയ വികസനസമിതിയുടേയും സംയുക്താഭിമുഖ്യത്തിലാണ് ഇവിടെ പ്രവർത്തനങ്ങൾ നടത്തുന്നത്.

ഇതുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ഏകദിന സെമിനാറിൽ കാവന്നൂർ ഗ്രാമപഞ്ചായത്ത് ഭാരവാഹികൾ, റവന്യുവകുപ്പു ഉദ്യോഗസ്ഥർ, ജനകീയ വികസന സമിതി ഭാരവാഹികൾ, തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ള പ്രസിഡന്റുമാർ, സെക്രട്ടറിമാർ തുടങ്ങിയവർ സംബന്ധിച്ചു. പഞ്ചായത്തുകളുടെ മാതൃകാപരമായ പ്രവർത്തനങ്ങൾ മറ്റു പഞ്ചായത്തുകൾക്കു പരിചയപ്പെടുത്തുകയെന്നതാണ് കിലയുടെ ദൗത്യമെന്നു സെമിനാർ ഉദ്ഘാടനം ചെയ്ത കില ഡയറക്ടർ ഡോ. പി.പി.ബാലൻ പറഞ്ഞു. ബീഹാറിൽ പ്രവർത്തിക്കുന്ന ഗ്രാമക്കച്ചേരികളും ജുഡീഷ്യൽ അധികാരങ്ങളുള്ള ഹിമാചൽപ്രദേശിലെ ഗ്രാമപഞ്ചായത്തുകളും ജമ്മുകാശ്മീരിലെ അദാലത്തും നമുക്കു മാതൃകയാക്കാവുന്നതാണ്. ജമ്മുകാശ്മീരിൽ തെരഞ്ഞെടുപ്പിൽ പരാജയപ്പെടുന്നവരിൽ ഏററവും കൂടുതൽ വോട്ടുനേടുന്നവരായിരിക്കും അദാലത്തു ചെയർമാനാകുന്നതെന്നു ഡോ.ബാലൻ പറഞ്ഞു.

തമ്മിലടിപ്പിക്കുകയല്ല അടുപ്പിക്കുകയാണ് ശ്രമകരമെന്ന് സെമിനാറിൽ സംസാരിച്ച പി.എസ്.സി മെമ്പർ പി.മോഹൻദാസ് പറഞ്ഞു. നിയമം എത്ര പുരോഗമനപരമായാലും അതു നടപ്പാക്കേണ്ടവരുടെ മിടുക്കും അവരുടെ സാമൂഹ്യബോധവുമാണ് പ്രധാനം. ഗ്രാമങ്ങളിലെ സംഘർഷങ്ങൾക്കു അടിസ്ഥാന കാരണങ്ങളിലൊന്ന് കേസ്സുകളാണെന്നും സംഘർഷം അവസാനിച്ചാലേ സമാധാനം കൈവരിക്കാനാകുവെന്നും മലയാളം സർവകലാശാല പ്രൊഫ. ടി.പി.കുഞ്ഞിക്കണ്ണൻ ചൂണ്ടിക്കാട്ടി. 200ൽ പരം കേസ്സുകളിൽ തീർപ്പുകൽപ്പിക്കാനായെന്ന് കാവന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിദ്യാവതി പറഞ്ഞു. കില അസോസിയേറ്റ് പ്രൊഫ. ഡോ.പീറ്റർ എം.രാജ് അദ്ധ്യക്ഷനായിരുന്നു. കോർഡിനേററർ പി.വി.രാമകൃഷ്ണൻ സംസാരിച്ചു.



കിലയിൽ സംഘടിപ്പിച്ച ഏകദിന സെമിനാറിൽ പങ്കെടുത്തവർ



വാർഡുവികസനസമിതി കൺവീനർമാർക്കു കിലയിൽ സംഘടിപ്പിച്ച ദ്വിദിന പരിശീലനപരിപാടി

# .വാർഡ് വികസനസമിതി കൺവീനർമാർക്കു പരിശീലനം

**വാ**ർഡ് വികസനസമിതി കൺവീനർമാർക്കുള്ള രണ്ടു ദിവസത്തെ പരിശീലനം കിലയിൽ തുടങ്ങി. അയൽസഭ, വാർഡ് വികസനസമിതി എന്നിവയുടെ പ്രവർത്തനങ്ങൾ,കൺവീനർമാരുടെ ചുമതലകൾ, ഗ്രാമപഞ്ചായത്തുകളിൽനിന്നു ലഭിക്കുന്ന സേവനങ്ങൾ എന്നിവയെക്കുറിച്ചായിരുന്നു പരിശീലനം.

കോഴ്സ് ഡയറക്ടർ ഡോ.പീറ്റർ എം.രാജ് ഉദ്ഘാടനം ചെയ്തു. പി.വി. രാമകൃഷ്ണൻ. റിമ ജോസ് എന്നിവർ സംസാരിച്ചു.പ്രാദേശികഭരണത്തിൽനിന്ന് പൗരഭരണത്തിലേക്കു എന്ന വിഷയത്തെക്കുറിച്ച് കെ.ഗോപാലകൃഷ്ണനും, വാർഡുവികസനസമിതിയെക്കുറിച്ച് വിജയകുമാറും അയൽസഭകളെപറ്റി എൻ.രേണുകുമാറും ക്ലാസ്സെടുത്തു.

വാർഡുസഭയുടെ എക്സിക്യൂട്ടീവ് സമിതിയാണ് 25 അംഗ വാർഡ് വികസനസമിതി. വാർഡ് മെമ്പറായിരിക്കും വികസനസമിതിയുടെ ചെയർമാൻ. സമിതിയിൽനിന്നു തെരഞ്ഞെടുക്കപ്പെടുന്നയാളാണ് കൺവീനർ. കൃഷി, ആരോഗ്യം, വിദ്യാഭ്യാസം,എഞ്ചിനീയറിംഗ് തുടങ്ങിയ മേഖലകളിൽനിന്നുള്ള വിദഗ്ദ്ധരായിരിക്കും സമിതിയിലെ മറ്റംഗങ്ങൾ. തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ള വികസനസമിതി കൺവീനർമാർക്കാണ് കിലയിൽ പരിശീലനം നൽകിയത്.



ഊരുമിത്രകളേയും പട്ടികവർഗ്ഗ പ്രമോട്ടർമാരേയും ശാക്തീകരിക്കുന്നതിനു
കിലയിൽ സംഘടിപ്പിച്ച ദ്വിദിന പരിശീലനപരിപാടിയിൽ പങ്കെടുത്തവർ

# പട്ടികവർഗ്ഗവികസനം: ഊരുമിത്രകൾക്കു കിലയിൽ പരിശീലനം

**പട്ടിക**വർഗ്ഗവികസനത്തിൽ ഊരുമിത്രകളേയും പട്ടികവർഗ്ഗ പ്രമോട്ടർമാരേയും ശാക്തീകരിക്കുന്നതിനുള്ള ദ്വിദിന പരിശീലനപരിപാടിക്കു കിലയിൽ തുടക്കമായി. ഇവരുടെ ദൗത്യവും ചുമതലകളും കാര്യക്ഷമമാക്കുന്നതിനു ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് പരിശീലനം.സംസ്ഥാനത്തെ 4645 ഊരുകളിൽനിന്നുള്ള പ്രതിനിധികളും പട്ടികവർഗ്ഗ പ്രമോട്ടർമാരുമാണ് പരിശീലനത്തിൽ പങ്കെടുക്കുന്നത്. പരിശീനപരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം കില ഡയറക്ടർ ഡോ.പി.പി.ബാലൻ നിർവഹിച്ചു. കോഴ്സ് ഡയറക്ടർ ഡോ.പീററർ എം. രാജ് അദ്ധ്യക്ഷനായിരുന്നു. കോഴ്സ് കോർഡിനേറ്റർ എം.കെ.രവീന്ദ്രനാഥ് ആമുഖപ്രഭാഷണം നടത്തി.

ഊരുകളിൽ ചെന്ന് ആദിവാസികളുടെ ആരോഗ്യ-ക്ഷേമ-പെൻഷൻ കാര്യങ്ങളിൽ സഹായിക്കുന്നതിനു വനം വകുപ്പിൽനിന്നു നിയമിച്ചിട്ടുള്ളവരാണ് ഊരുമിത്രകൾ. 100 പേർക്കു ഒരാൾ എന്ന തോതിലാണ് ഇവരെ നിയമിച്ചിട്ടുള്ളത്.2015 ഡിസംബർ മുതൽ 700 ഊരുമിത്രകളുടെ സേവനമാണ് ലഭ്യമാക്കിയിട്ടുള്ളത്.

പട്ടികവർഗ്ഗക്കാരുടെ ഇന്നത്തെ അവസ്ഥ, പട്ടികവർഗ്ഗ വികസനത്തിൽ പ്രമോട്ടർമാരുടെ ചുമതലകൾ, തൊഴിൽ-സ്വയം തൊഴിൽ ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ, ഊരുമിത്രകളും പ്രമോട്ടർമാരും നേരിടുന്ന വെല്ലുവിളികൾ, അതിനുള്ള പരിഹാരങ്ങൾ, വിദ്യാഭ്യാസ-ക്ഷേമപദ്ധതികളുടെ പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കിയാണ് പരിശീലനം.ഫോറസ്റ്റ് അസി.ഫോറസ്റ്റ് കൺസർവേറ്റർ എ.ഒ.സണ്ണി, പട്ടികവർഗ്ഗ വികസനവകുപ്പു സീനിയർ സൂപ്രണ്ട് കെ.സി.മനോജ്, കെ.സി.ഷാജി, എൻ. രാമചന്ദ്രൻ, വിജയകൃഷ്ണൻ, വി.സി. ചെറിയാൻ. വി.ഗോപാലകൃഷ്ണൻ, കെ.മിനി എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി.


KILA News letter Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 (for private circulation only)